148 (1620) കാർഷികാഭിവൃത്തിക്കുവേണ്ടി ചെലവാക്കുന്ന തുക യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിൽ എത്തുന്നില്ല എന്ന പരാതി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാഭിവൃദ്ധിക്കുവേണ്ടി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വളരെയധികം തുകകൾ ചെലവാക്കുന്നുണ്ടെങ്കിലും യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിൽ അത് എത്തുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ വൻ പരാജയവും അഴിമതി നിറഞ്ഞതും ആണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ജനകീയാസൂത്രണ പദ്ധതി പരാജയം ആണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിൽ ചില ക്രമക്കേടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരാതി ലഭിക്കുന്ന മുറയ്ക്ക് അവയെക്കുറിച്ച് അന്വേഷിച്ച് മേൽനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ ഏജൻസികളുടെ പരിശോധനയും നടത്തിവരുന്നു.

149 (1622)* വൈദ്യുതിയുടെ ചാർജ് കൃഷിവകുപ്പ് വൈദ്യുതി ബോർഡിന് നേരിട്ട് നൽകുന്ന രീതി.

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് കൃഷിയാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നിലവിലുള്ള സമ്പ്രദായം മാറ്റി കർഷകർക്ക് സൗജന്യമായി നൽകുന്ന വൈദ്യുതിയുടെ ചാർജ് കൃഷിവകുപ്പ് വൈദ്യുതി ബോർഡിനു നേരിട്ട് നൽകുന്ന രീതി നടപ്പിലാക്കുമോ?

ഉത്തരം

കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് കൃഷിവകുപ്പ് നേരിട്ട് വൈദ്യുതി വകുപ്പിന് നൽകുന്ന രീതിയാണ് നിലവിലുള്ളത്.

150 (1623) സൗജന്യ വൈദ്യുതിയ്ക്ക് അർഹരായവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നടപടി

ശ്രീ. വി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly